ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

നമ്പർ. **Ex.II (1)/16956/HSE/2014** തീയതി : **07/07/2015**

# സർക്കുലർ

വിഷയം:- ഹയർസെക്കന്ററി രണ്ടാം വർഷ സേ/ഇംപ്രൂവ്മെന്റ് പരീക്ഷ ജൂൺ 2015 - പരീക്ഷാഫലപ്രസിദ്ധീകരണം - സംബന്ധിച്ച്.

2015 ജൂണിൽ നടന്ന ഹയർസെക്കന്ററി രണ്ടാം വർഷ സേ/ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.dhsekerala.gov.in, www.keralaresults.nic.in, എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മ പരിശോധനയ്ക്കും, ഫോട്ടോകോപ്പി ലഭിക്കുന്നതിനും നിശ്ചിത ഫോറങ്ങളിലുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫീസ് സഹിതം മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പാളിന് **15/07/2015** - നകം സമർപ്പിക്കേണ്ടതാണ്. ഇരട്ട മൂല്യനിർണ്ണയം നടത്തിയ ഫിസിക്സ്, കെമിസ്ട്രി, കണക്ക് ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയമോ സൂക്ഷ്മപരിശോധനയോ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ടി ഉത്തരക്കടലാസ്സുകളുടെ പകർപ്പിന് അപേക്ഷിക്കാവുന്നതാണ്. **ഫീസ് വിവരം പേപ്പർ ഒന്നിന്: പുനർമൂല്യനിർണ്ണയത്തിന് 500 രൂപ, ഉത്തരക്കടലാസ്സുകളുടെ ഫോട്ടോകോപ്പിയ്ക്ക് 300 രൂപ, സൂക്ഷ്മപരിശോധനയ്ക്ക് 100 രൂപ.** യാതൊരു കാരണവശാലും അപേക്ഷകൾ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. അപേക്ഷാഫോറങ്ങൾ സ്കൂളുകളിലും ഹയർസെക്കന്ററി പോർട്ടലിലും ലഭ്യമാണ്. സ്കൂളുകളിൽ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ പരീക്ഷാ സെക്രട്ടറി നൽകുന്ന സോഫ്ട്വെയർ ഉപയോഗിച്ച് **17/07/2015**-നകം പ്രിൻസിപ്പൽമാർ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഈ പരീക്ഷയിൽ D+ ഗ്രേഡോ അതിനുമുകളിലോ നേടി വിജയിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾ 2015 ആഗസ്റ്റ്/സെപ്റ്റംബറിൽ നടക്കുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയിൽ, അവർക്ക് വിജയിക്കാനാവാത്ത വിഷയങ്ങളുടെ ഒന്നാം വർഷ വിഷയങ്ങൾക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷയെഴുതിയാൽ മാത്രമേ, 2016 മാർച്ചിലെ രണ്ടാം വർഷ പരീക്ഷയ്ക്ക് ഈ വിഷയങ്ങൾക്ക് രജിസ്റ്റർ ചെയ്യുവാൻ യോഗ്യത നേടുകയുള്ളൂ. ഇപ്പോഴത്തെ സ്കീം II വിഭാഗത്തിൽ കമ്പാർട്ടുമെന്റലായി എഴുതിയവർക്കടക്കം സ്കീം II വിഭാഗത്തിൽ ഇനി പരീക്ഷ എഴുതുവാൻ അവസരമുണ്ടായിരിക്കുന്നതല്ല. ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ നോട്ടിഫിക്കേഷൻ മാർച്ച് 2015 ലെ ഒന്നാം വർഷ പരീക്ഷാ ഫലപ്രഖ്യാപനത്തോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഡോ.കെ.മോഹനകുമാർ
സെക്രട്ടറി,
ബോർഡ് ഓഫ് ഹയർസെക്കന്ററി
എക്സാമിനേഷൻസ്, കേരളം.